കില
വാർത്താപത്രിക

VOLUME-11
ISSUE-3
MARCH 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

ധർമ്മടം മണ്ഡലത്തെ സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ പാലിയേററീവ് കേയർ സൗഹൃദ മണ്ഡലമാക്കി മാറ്റുന്നതിനുള്ള സ്പർശം പദ്ധതി മൂന്നുപെരിയ താജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

സാന്ത്വന പരിചരണരംഗത്ത് കേരളം മാതൃക: മുഖ്യമന്ത്രി

സാന്ത്വന പരിചരണരംഗത്ത് കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ മറ്റുജില്ലകളിൽ ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടക്കുന്നുണ്ട്. എന്നാൽ ജില്ലയുടെ മുഴുവൻ ഭാഗങ്ങളിലേക്കും ഇതിന്റെ സേവനം ലഭ്യമാക്കാൻ കണ്ണൂർ ജില്ലയ്ക്കു സാധിച്ചത് വലിയ നേട്ടമാണ്. ധർമ്മടം മണ്ഡലത്തെ സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ പാലിയേററീവ് കേയർ സൗഹൃദ മണ്ഡലമാക്കി മാറ്റുന്നതിനുള്ള സ്പർശം പദ്ധതി മൂന്നുപെരിയ താജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്പർശം പദ്ധതിയുടെ ഭാഗമായി എട്ടു പഞ്ചായത്തുകളിൽ നടത്തിയ കണക്കെടുപ്പിൽ 1504 പേർ വീട്ടിലെത്തിയുള്ള പരിചരണവും 170 പേർ ഫിസിയോതെറാപ്പിയും ആവശ്യമുള്ളവരാണെന്നു കണ്ടെത്തി. കാൻസർ രോഗികളായ 400 ലേറെ പേരും നൂറോളം വൃക്കരോഗികളും 700 ലേറെ വാർദ്ധക്യസഹജമായ രോഗമുള്ളവരും സാന്ത്വന പരിചരണം ആവശ്യമുള്ളവരാണ്. നട്ടെല്ലിനു ക്ഷതമേറ്റവർ, പക്ഷാഘാതം ബാധിച്ചവർ, ഭിന്നശേഷിക്കാർ, മാനസികാസ്വാസ്ഥ്യം അനുഭവിക്കുന്നവർ തുടങ്ങി സഹായം ആവശ്യമുള്ളവരും ഏറെയുണ്ട്. ഇവർക്കാവശ്യമായ പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.തദ്ദേശസ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സന്നദ്ധസംഘടനകൾ, സാമൂഹ്യപ്രവർത്തകർ, തുടങ്ങിയവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക. സാന്ത്വന പരിചരണമെത്തിക്കാൻ ഐ.ആർ.പി.സി പോലുള്ള സന്നദ്ധസംഘനകൾ നടത്തുന്ന സേവനം ശ്ലാഘനീയമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കെ.കെ.രാഗേഷ് എം.പി. അദ്ധ്യക്ഷനായിരുന്നു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ടി.എം മനോജ് റിപ്പോർട്ടവതരിപ്പിച്ചു. ഐ.ആർ.പി.സി ഉപദേശകസമിതി ചെയർമാൻ പി.ജയരാജൻ സാന്ത്വന പരിചരണരംഗത്തെ അനുഭവം പങ്കുവച്ചു. കെ.വി.ഗോവിന്ദൻ പദ്ധതി വിശദീകരിച്ചു. മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി പി.ബാലൻ, കെ.വി. ബാലൻ തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാർ പദ്ധതിരേഖ മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങി. ജനപ്രതിനിധികളും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളും പങ്കെടുത്തു.

കിലയിൽ സംഘടിപ്പിച്ച വിവിധ പരിശീലനങ്ങൾ

ജില്ലാപദ്ധതി

ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടു ദിവസത്തെ സംസ്ഥാന തല പരിശീലകരുടെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു.വിവിധ ജില്ലകളിൽ തുടർന്നു നടക്കുന്ന പരിശീലന പരിപാടിക്കു ഇവിടെ പരിശീലനം നേടുന്നവരാണ് നേതൃത്വം നൽകുക. പ്ലാനിംഗ് ബോർഡ് മെമ്പറും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനുമായ ഡോ. കെ.എൻ.ഹരിലാൽ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതം പറഞ്ഞു.കോർഡിനേറ്റർ ജി.കെ.സദനരാജൻ കാര്യപരിപാടി വിശദീകരിച്ചു.

ആസൂത്രണബോർഡിലെ പ്ലാൻ കോർഡിനേഷൻ ചീഫ് ഇൻ ചാർജ് കെ.ജയ, വികേന്ദ്രീകൃതാസൂത്രണം ചീഫ് ഇൻ ചാർജ് എൻ.പ്രസന്നകുമാരി, പ്ലാനിംഗ് ബോർഡ് അസി.ഡയറക്ടർമാരായ പി.വിനോദ് കുമാർ, വിൻസന്റ് സെബാസ്റ്റ്യൻ, എസ്.ആർ.ജി അംഗം എസ്.ജമാൽ, പ്ലാനിംഗ്ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ എസ്. സനൽകുമാർ, ജില്ലാ ടൗൺ പ്ലാനർ ബിജു തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. വിവിധ മേഖലകളിൽനിന്നുള്ള 125 വിദഗ്ദ്ധരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

•••

വാർഷികപദ്ധതി ആസൂത്രണവും നിർവഹണവും

അടുത്ത വർഷത്തെ (2018-19) വാർഷിക പദ്ധതി ആസൂത്രണവും നിർവഹണവും സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും പഞ്ചായത്ത് അസി.സെക്രട്ടറിമാർക്കും രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് കില അസോ.പ്രൊഫ. ഡോ.ജെ.ബി.രാജനും ആസൂത്രണ നിർവഹണ പ്രക്രിയയെപ്പററി എസ്.ആർ.ജി. കൺവീനർ വി.എസ് ബിജുവും സബ്സിഡി രൂപരേഖയേയും വികസന സാദ്ധ്യതകളേയും സംബന്ധിച്ച് എസ്.ആർ.ജി അംഗം എസ്.ജമാലും ക്ലാസ്സെടുത്തു. അനൂപ് കിഷോർ, ഐ.ഡി.ഫ്രാൻസിസ്, വിശ്വൻ തുടങ്ങിയവരും വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

പ്രാദേശിക സാമ്പത്തിക വികസനം, സബ്സിഡി സാദ്ധ്യതകൾ, ഉദ്പ്പാദനം, പശ്ചാത്തലസൗകര്യം, സേവനമേഖലകളിലെ നൂതന പ്രോജക്ടുകൾ, ഗ്രാമപഞ്ചായത്തുകളുടെ വികസനദർശനം, ദൗത്യം, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവയെ സംബന്ധിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി തലത്തിലും പഞ്ചായത്ത് തലത്തിലും നടന്ന ഗ്രൂപ്പുചർച്ചകൾക്കു എസ്.ആർ.ജി.അംഗങ്ങൾ നേതൃത്വം നൽകി.

•••

നഗരസഭ ഉദ്യോഗസ്ഥർക്കു കാര്യശേഷി വികസനം

നഗരസഭകളിലെ ഉദ്യോഗസ്ഥർക്കുള്ള കാര്യശേഷി വികസന പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു. സൂപ്രണ്ടുമുതൽ ക്ലാർക്കുവരെയുള്ള ജീവനക്കാരാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്. കോർഡിനേറ്റർ ആർ.ബാലഗംഗാധരൻ പരിശീലനപരിപാടി വിശദീകരിച്ചു.നഗരസഭ സംവിധാനം, കേരള മുനിസിപ്പൽ ആക്ട്, പദ്ധതി ആസൂത്രണവും നിർവഹണവും,കേരള സർവീസ് റൂൾ, കേന്ദ്ര-സംസ്ഥാനവിഷ്കൃത പദ്ധതികൾ, ധനമാനേജ്മെന്റ്,നഗരാസൂത്രണം, ബിൽഡിംഗ് റൂൾസ്, പൊതുമരാമത്ത് ചട്ടങ്ങൾ, സാമൂഹ്യസുരക്ഷാപെൻഷനുകൾ, തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. പി.എം.ദേവരാജൻ, വി.കെ.ഉണ്ണികൃഷ്ണൻ, അബ്ദുൾ റഷീദ്, അച്ചുതാനന്ദനുണ്ണി, എം.രേണുകുമാർ, കെ.വി.അനിൽകുമാർ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലേയും ആറ്റിങ്ങൽ, പറവൂർ, അടൂർ, ചെങ്ങന്നൂർ, പന്തളം, പുനലൂർ, ആലപ്പുഴ, പാല, കോതമംഗലം, പിറവം നഗരസഭകളിലേയും ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

•••

പൊതുഭരണം

പൊതുഭരണത്തെക്കുറിച്ച് ബ്ലോക്ക് പഞ്ചായത്തുകളിലെ ക്ലാർക്കുമാർക്കു കിലയിൽ മൂന്നു ദിവസത്തെ പരിശീലനം നൽകി. ഇന്ത്യയിലേയും കേരളത്തിലേയും പഞ്ചായത്ത് രാജ് സംവിധാനം, ഉദ്യോഗസ്ഥ സംവിധാനവും അവരുടെ ഉത്തരവാദിത്വങ്ങളും, ഉദ്യോഗസ്ഥ-ജനപ്രതിനിധി ബന്ധം, ജനകീയ സംവിധാനങ്ങൾ, പൗരാവകാശനിയമം, ധനമാനേജ്മെന്റ്, കേന്ദ്രാവിഷ്കൃത പദ്ധതികൾ, പരാതി പരിഹാരസംവിധാനങ്ങൾ, ഓൺലൈൻ സേവന സംവിധാനങ്ങൾ, മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പു നിയമം, പൊതുമരാമത്തു പ്രവൃത്തികൾ, ദേശീയ സമ്പാദ്യപദ്ധതി, കോടതി കേസ്സുകൾ, പദ്ധതി ആസൂത്രണം, തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

കോർഡിനേറ്റർ കെ.ജി.ബഷീർ പരിശീലനപരിപാടി വിശദീകരിച്ചു. ബാലചന്ദ്രൻ നായർ, വി.കെ.ശ്രീധരൻ, രാമനാഥ പിള്ള, ടി.എം.വർഗീസ്, സി.പി.സുനിൽ, ജോസഫ് ജോൺ, കെ.വി.അനിൽകുമാർ, ശശികുമാർ, ജി.കെ.സദനരാജൻ, പി. ആർ. വിജയകുമാർ, ഡോ.ഷീബാ സ്റ്റീഫൻ തുടങ്ങിയവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.എറണാകുളം, കണ്ണൂർ, കോഴിക്കോട് ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളൽനിന്നുള്ള പതിമൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിലെ നാല് സീനിയർ ക്ലാർക്കുമാരും 25 ക്ലാർക്കുമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്.

•••

സാമൂഹ്യവിദ്യാഭ്യാസ പരിപാടിയിൽ സാക്ഷരതാപ്രവർത്തകരും

ജനകീയാസൂത്രണത്തിൽ സാക്ഷരതാമിഷന്റെ പങ്കാളിത്തം ശക്തമാക്കാൻ സാക്ഷരതാമിഷൻ പ്രവർത്തകരെ സജ്ജരാക്കുന്നതിനു മുന്നോടിയായുള്ള രണ്ടു ദിവസത്തെ സംസ്ഥാനതല പരിശീലക പരിശീലനം കിലയിൽ സംഘടിപ്പിച്ചു. സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർമാരും അസി.കോർഡിനേറ്റർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. സംസ്ഥാന സാക്ഷരതാമിഷൻ അതോരിററി ഡയറക്ടർ ഡോ.പി.എസ്.ശ്രീകല ആമുഖപ്രഭാഷണം നടത്തി.

ഡോ.ജോയ് ഇളമൺ, ഡോ.ജെ.ബി.രാജൻ, കെ.ബി.മദൻമോഹൻ, ഡോ.അമൃത, പപ്പൻ കുട്ടമത്ത്, കല്യാണകൃഷ്ണൻ, ദിനേശ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

കിലയിൽ പ്രാഥമിക പരിശീലനത്തിനെത്തിയ പുതിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ.ടി.ജലീൽ. അഭിസംബോധന ചെയ്യുന്നു

ഉദ്യോഗസ്ഥർ സൽപ്പേരു സമ്പാദിക്കാനാണ് ശ്രമിക്കേണ്ടത്: മന്ത്രി ഡോ. കെ.ടി.ജലീൽ

അഴിമതിയില്ലാത്ത ഉദ്യോഗസ്ഥനെന്ന സൽപ്പേരു സമ്പാദിക്കാനാണ് ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതെന്നു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ. കിലയിൽ ഒരു മാസത്തെ പ്രാഥമിക പരിശീലനത്തിനെത്തിയ പുതിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉദ്യോഗസ്ഥർ ഒരിക്കലും സംശയരോഗികളാകരുതെന്നും അതുകൊണ്ടാണ് ഫയലുകൾ നീങ്ങാൻ വൈകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാം ഒരാളെ ബുദ്ധിമുട്ടിച്ചാൽ അതിന്റെ പലിശ സഹിതം നമ്മുടെ മക്കൾക്കോ കുടുംബാംഗങ്ങൾക്കോ തിരിച്ചുകിട്ടുമെന്ന കാര്യം വിസ്മരിക്കരുത്. സാധാരണക്കാരും പാവപ്പെട്ടവരുമാണ് സാധാരണഗതിയിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ എത്തുന്നത്. അവരുടെ ആവശ്യങ്ങൾക്കു പെട്ടെന്നു പരിഹാരം കാണാൻ ഉദ്യോഗസ്ഥർക്കു കഴിയണം. പുതിയ സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ അടുത്ത വർഷം വിലയിരുത്താൻ പ്രത്യേക സംവിധാനമൊരുക്കുമെന്നും മന്ത്രി അറിയിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സംബന്ധിച്ചു. 45 പേരാണ് പ്രാഥമിക പരിശീലനത്തിൽ പങ്കെടുക്കുന്നത്.

അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ തൊഴിലുറപ്പുപദ്ധതി സംസ്ഥാന കൗൺസിൽ അംഗം എസ്.രാജേന്ദ്രൻ സംസാരിക്കുന്നു.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി എഞ്ചിനീയർമാർക്കു പരിശീലനം

ഈ വർഷത്തെ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ വാർഷിക കർമ്മപരിപാടിയും ലേബർ ബജറ്റും തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും കിലയിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി സംസ്ഥാന കൗൺസിൽ അംഗം എസ്.രാജേന്ദ്രൻ ആമുഖാവതരണം നടത്തി. കോഴസ് ഡയറക്ടർ ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർമാരായ കെ.ആർ.പുഷ്പലത(ശ്രീകൃഷ്ണപുരം ബ്ലോക്ക്), സ്നേഹ (ഇരിഞ്ഞാലക്കുട ബ്ലോക്ക്), കോച്ചി കോർപ്പറേഷൻ അഡീഷ്ണൽ സെക്രട്ടറി ടി.എസ്. സെയ്ഫുദ്ദീൻ, ടി.ഐ. വർഗീസ്, സി.എസ്. സനൽ, ബാലഗംഗാധരൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ആറു കോർപ്പറേഷനുകളുൾപ്പെടെ 90 നഗരസഭകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.ദേശീയ ഗ്രാമീണ തൊഴുലുറപ്പുപദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിനു തയ്യാറുള്ളവർക്കു തൊഴിൽ ഉറപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുടെ സംസ്ഥാന കൗൺസിൽ പുനസ്സംഘടിപ്പിക്കുകയും പ്രവർത്തന മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തിരുന്നു.

കിലയിലെത്തിയ ബ്രിട്ടീഷ് പാർലമെന്റംഗങ്ങളെ ഡോ.പി.കെ.ബിജു എം.പി അഭിസംബോധന ചെയ്യുന്നു

കേരളത്തിന്റെ നേട്ടങ്ങളെ ബ്രിട്ടീഷ് എം.പിമാർ അഭിനന്ദിച്ചു

സ്ത്രീശാക്തീകരണത്തിലും വിദ്യാഭ്യാസ മേഖലയിലും കേരളം കൈവരിച്ച നേട്ടങ്ങളെ ബ്രിട്ടീഷ് പാർലമെന്റംഗങ്ങൾ അഭിനന്ദിച്ചു. പരസ്പര താൽപര്യമുള്ള വിഷയങ്ങളിൽ സഹകരണ സാദ്ധ്യതകൾ ആരാഞ്ഞ് കിലയിലെത്തിയതായിരുന്നു ബ്രിട്ടീഷ് എം.പിമാർ. കിലയിലെത്തിയ എം.പിമാരെ ഡോ.പി.കെ.ബിജു എം.പിയും തൃശ്ശൂർ ജില്ലാ കലക്ടർ ഡോ. കൗശികനും ചേർന്നു പൊന്നാടയണിയിച്ചു സ്വീകരിച്ചു. ക്രെയ്ഗ് വിറ്റാറുടെ നേതൃത്വത്തിലുള്ള സംഘത്തിൽ എം.പിമാരായ ഏഞ്ചല റെയ്നർ, ഡാനിയൻ സ്റ്റീഫൻ, സ്റ്റീവൻമാർക്ക് വാർഡ് റീഡ് എന്നിവർക്കു പുറമെ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ പ്രോഗ്രാം മാനേജർ റോബർട്ട് ഹെൻഡേഴ്സൺ ഹാർവർ, ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമീഷ്ണർ ഭരത് ജോഷി, ചെന്നൈയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷനിലെ മാധ്യമമേധാവി റൂഡി ഫെർണാണ്ടസ് എന്നിവരുമുണ്ടായിരുന്നു.

കേരളത്തിൽനിന്നുള്ള വനിതകളുൾപ്പെടെയുള്ളവർ അടുത്ത പ്രാദേശിക തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ടെന്നു എം.പി.മാർ അറിയിച്ചു. കേംബ്രിഡ്ജ് പ്രദേശത്താണ് കേരളത്തിൽനിന്നുള്ള നേഴ്സുമാർ അധികം പേരും വസിക്കുന്നത്. കുറെപേർ നേഴ്സിംഗിനു അവിടെ പഠിക്കുന്നുമുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പ്രത്യേകിച്ച് സ്ത്രീശാക്തീകരണത്തിലും വിദ്യാഭ്യാസം രംഗത്തും നേടിയ മികവിനെക്കുറിച്ച് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഡോ.പി.കെ.ബിജു എം.പി. വിശദീകരിച്ചു. രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക മേഖലയിൽ സ്ത്രീകൾ കരസ്ഥമാക്കിയ പുരോഗതിയെക്കുറിച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് സംസാരിച്ചു. ജില്ലാ കലക്ടർ ഡോ. കൗശികൻ സ്വാഗതമാശംസിച്ചു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് നന്ദി പറഞ്ഞു.

പങ്കാളിത്ത ആസൂത്രണം പഠിക്കാൻ ജാർഖണ്ടിലെ പഞ്ചായത്ത് പ്രസിഡന്റുമാർ കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ജാർഖണ്ടിൽനിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ കിലയിലെത്തി. ജാർഖണ്ട് ഗ്രാമവികസനവകുപ്പിലെ ജോയിന്റ് സെക്രട്ടറി രാജേഷ് കുമാർ വർമ്മയാണ് സംഘത്തെ നയിച്ചത്. കിലയിൽ ഇവർക്കുവേണ്ടി അഞ്ചു ദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു.

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, പങ്കാളിത്ത ആസൂത്രണം, പഞ്ചായത്തുകളുടെ അധികാരങ്ങൾ, പ്രവർത്തനങ്ങൾ, ശിശുസൗഹൃദ പഞ്ചായത്ത്, കുടുംബശ്രീ, സ്ത്രീശാക്തീകരണം, ജാഗ്രതാസമിതി, ധനവികേന്ദ്രീകരണം, വിഭവസ്രോതസ്സുകൾ, പഞ്ചായത്തുകൾക്കു കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു പരിശീലനം. ഡോ. പീറ്റർ എം.രാജ്, പ്രൊഫ.ടി.രാഘവൻ, സി.രാധാകൃഷ്ണൻ, രേണുകുമാർ, എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. വേലൂർ, മുള്ളൂർക്കര, പഴയന്നൂർ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വികസന പ്രവർത്തനങ്ങൾ നേരിൽ കണ്ടു വിലയിരുത്തുകയും ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു.

ഭൂട്ടാനിൽനിന്നുള്ള ഉദ്യോഗസ്ഥർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

ഭൂട്ടാനിലെ ഉദ്യോഗസ്ഥർക്കു പരിശീലനം

കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനു ഭൂട്ടാനിലെ ആഭ്യന്തരവകുപ്പിലെ ഉന്നതതല ഉദ്യോഗസ്ഥ സംഘം കിലയിലെത്തി. പന്ത്രണ്ടു പേരുള്ള സംഘത്തിൽ ഹാ, ചൊക്ക ജില്ലകളിലെ ഡെപ്യൂട്ടി ഗവർണ്ണർമാരും മറ്റു മേഖലകളിലെ ജില്ലാതല ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ.ജോയ് ഇളമണും മറ്റും ചേർന്നു സ്വീകരിച്ചു. അധികാരവികേന്ദ്രീകരണം, പ്രാദേശികാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ടോട്ടൽ ക്വാളിററി മാനേജ്മെന്റ്, തദ്ദേശസ്ഥാപനങ്ങളുടെ വിഭവസ്രോതസ്സുകൾ, വനിതാഘടക പദ്ധതി, ശിശുസൗഹൃദ തദ്ദേശഭരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിപുലമായ പരിശീലനപരിപാടിയാണ് സന്ദർശകർക്കുവേണ്ടി ഒരുക്കിയത്. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, ഡോ.ജെ. ബി.രാജൻ. ഡോ.പീറ്റർ എം.രാജ്, പ്രൊഫ.ടി.രാഘവൻ, ഡോ.അമൃത, എം.ജി.കാളിദാസൻ, കുടുംബശ്രീയിലെ രാധാകൃഷ്ണൻ, പി.വി.രാമകൃഷ്ണൻ തുടങ്ങിയ വിദഗ്ദ്ധർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

ആന്ധ്രാപ്രദേശിൽനിന്നുള്ള ബി.ഡി.ഒ ട്രെയിനിമാർക്കു കിലയിൽ നൽകിയ പരിശീലനം

ആന്ധ്രയിലെ ബി.ഡി.ഒ ട്രെയിനിമാർ

കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനു ആന്ധ്രാപ്രേദേശിൽനിന്നുള്ള ബി.ഡി.ഒ ട്രെയിനിമാർ കിലയിലെത്തി. ഏഴു സ്ത്രീകളുൾപ്പെടെയുള്ള പതിനഞ്ചംഗ സംഘത്തിനു കിലയിൽ നാലു ദിസത്തെ പരിശീലനം നൽകി. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, പങ്കാളിത്ത ആസൂത്രണം, സാമ്പത്തിക വികേന്ദ്രീകരണം, ശിശുസൗഹൃദ പ്രാദേശിക ഭരണം, കുടുംബശ്രീയും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും, ജില്ലാ ആസൂത്രണസമിതിയുടെ പ്രവർത്തനം, തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.ജെ. ബി.രാജൻ, ഡോ.പീറ്റർ എം.രാജ്, എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ രേണുകുമാർ, സി.രാധാകൃഷ്ണൻ, ഭാസ്കരൻ പള്ളിക്കര എന്നിവർ പരിശീലനത്തിനു നേതൃത്വം നല്കി.

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ജില്ലാ പഞ്ചായത്ത്, ആലപ്പുഴയിലെ കുടുംബശ്രീയുടെ യൂണിറ്റുകൾ എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

പെർഫോർമൻസ് ഓഡിറ്റ് മാന്വൽ പരിശീലനം

ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ഓഡിറ്റ് മാന്വലുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും കിലയിൽ സംഘടിപ്പിച്ച അർദ്ധദിന പരിശീലനം പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐഎ.എസ് ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ, കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് എന്നിവർ സംസാരിച്ചു.

ചോദ്യങ്ങൾക്കു മറുപടി

? ഗ്രാമപഞ്ചായത്തിൽനിന്ന് നൽകുന്ന ഡി.ആന്റ് ഓ ലൈസൻസ് രീതിയിൽ മാറ്റം വരുത്തിയതായി അറിയുന്നു. എപ്രകാരമാണ് മാറ്റം വരുത്തിയത്?

● ലൈസൻസിംഗ് ചട്ടം ഭേദഗതി ചെയ്തതു പ്രകാരം ഇഷ്യു ഓഫ് ലൈസൻസ് ടു ഫാക്ടറീസ്, ട്രയിഡേഴ്സ്, എന്റർപ്രണർഷിപ്പ് ആക്ടിവിറ്റീസ് ആന്റ് സർവീസ് എന്നാക്കി മാറ്റിയിട്ടുണ്ട്.(ഫാക്ടറികൾക്കും കച്ചവടത്തിനും സംരഭകർക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം)ഇതു പ്രകാരം എല്ലാ വ്യവസായങ്ങൾക്കും കച്ചവടങ്ങൾക്കും സംരംഭകർക്കും സേവനത്തിനും ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം ലൈസൻസ് നൽകാവുന്നതാണ്.മാത്രമല്ല ലൈസൻസിന്റെ പരമാവധി ഫീസ് നിരക്ക് മൂലധനത്തിനനുസരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കു സ.ഉ.(പി)78/2017 തസ്വഭവ. തീയതി.31.10.17 ഉത്തരവു കാണുക.

? നിലത്തെഴുത്ത് ആശാൻമാർക്കുള്ള പ്രതിമാസ വേതനം ഇപ്പോൾ എത്ര തുകയാണ്?

● കേരളത്തിലെ നിലത്തെഴുത്ത് ആശാൻമാർക്കും ആശാട്ടിമാർക്കും കുടിപ്പള്ളികൂടത്തിൽ സേവനം ചെയ്യുന്നവർക്കുള്ള വേതനം പ്രതിമാസം 1000/-രൂപയാണ്.1.11.2017 മുതൽ ഈ തുകയ്ക്കു പ്രാബല്യമുണ്ട്.(സ.ഉ.(സാധാ)367/2018 തസ്വഭവ.7.2.18)

? ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ?

ഉ: ഭിന്നശേഷിക്കാർക്കു നൽകിവരുന്ന പെൻഷൻ 1100/- രൂപയാണ്. എന്നാൽ 80% ൽ കൂടുതൽ ഭിന്നശേഷിയുള്ളവരുടെ പെൻഷൻ 21.2.2018 മുതൽ 1300 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. (സ.ഉ. (എം.എസ്) 61/2018/ ഫിൻ. തീയതി.21.2.2018)

? ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കു വിദ്യാഭ്യാസ അലവൻസ് നൽകാമെന്നു പറയുന്നതു ശരിയാണോ?

● ജനറൽ സ്കൂളുകളിലും സ്പെഷൽ സ്കൂളുകളിലും പഠിക്കുന്ന ഹയർ സെക്കണ്ടറി തലംവരെയുള്ള ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാർക്കും പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്കും നിബന്ധനകൾക്കു വിധേയമായി പ്രതിമാസം 600/- രൂപ നിരക്കിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അലവൻസ് എല്ലാ മാസങ്ങളിലും നൽകാവുന്നതും ശമ്പള ബില്ല് തയ്യാറാക്കി നൽകുന്ന നിയന്ത്രണാധികാരി അതനുസരിച്ച് ഒരു ഉത്തരവു പുറപ്പെടുവിക്കേണ്ടതുമാണ്. ഏതെങ്കിലും ഒരു രക്ഷിതാവിനു മാത്രമേ ഈ ആനുകൂല്യത്തിനു അർഹത ഉണ്ടായിരിക്കുകയുള്ളൂ. (സ.ഉ. (പി)20/2018/ ധന.തീയതി 11.2.2018)

? കെട്ടിടനികുതി അടച്ചില്ലെങ്കിൽ നികുതിദായകന്റെ വീട് ജപ്തി ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിനുണ്ടോ?

● ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ചുമത്തിയിട്ടുള്ള നികുതിയോ ഫീസോ ഉപ നികുതിയോ കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽനിന്നും ചട്ടപ്രകാരമുള്ള നടപടികളിലൂടെ കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സെക്രട്ടറിക്കു അധികാരമുണ്ട്. ഏതെങ്കിലും തരത്തിൽ കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ ജംഗമവസ്തുക്കൾ ജപ്തി ചെയ്യുവാനും വിറ്റുകിട്ടുന്ന തുക ഉപയോഗിച്ച് കുടിശ്ശിക വീട്ടാനും സെക്രട്ടറിക്കു അധികാരമുണ്ട്. ജപ്തി അപര്യാപ്തമാണെങ്കിലോ അപ്രയോഗികമാണെങ്കിലോ പ്രോസിക്യൂട്ട് ചെയ്യാനും സെക്രട്ടറിക്കു അധികാരമുണ്ട്. (കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 210, നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങൾ 1996)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? പഞ്ചായത്ത് പ്രദേശത്ത് സ്വകാര്യ മാർക്കറ്റ് നടത്താൻ അനുവദിക്കാമോ?

● പഞ്ചായത്ത് പ്രദേശത്ത് അത്യാവശ്യം വേണ്ട പൊതുമാർക്കറ്റുകൾ സ്വന്തം നിയന്ത്രണത്തിൽ പഞ്ചായത്തുകൾ തന്നെ സ്ഥാപിക്കേണ്ടതാണ്. അതുപോലെ പഞ്ചായത്തിൽനിന്നു നിയമാനുസൃതമായി ലൈസൻസ് എടുത്ത് സ്വകാര്യവ്യക്തികൾക്കു മാർക്കററ് നടത്താൻ കഴിയും. നിയമത്തിൽ പറയുന്ന നിബന്ധനകൾ പാലിച്ച് നിശ്ചിത ഫീസടച്ച് പഞ്ചായത്തിൽനിന്ന് ലൈസൻസ് വാങ്ങിയിട്ടു വേണം സ്വകാര്യ മാർക്കറ്റ് നടത്താൻ.(കേരള പഞ്ചായത്ത് രാജ് ആക്ട്.സെ.222 ആന്റ് കെ.പി.ആർ പൊതുമാർക്കറ്റുകളുടേയും സ്വകാര്യമാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും ചട്ടങ്ങൾ 1996)

? പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് നൽകുന്നതിനു മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണോ?

● പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസിനു അപേക്ഷിക്കുമ്പോൾ അവിടെ ശല്യങ്ങളോ മാലിന്യമോ നിവാരണം ചെയ്യുന്നതിനുള്ള ഉപാധി സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യമാണ്.(കേരള പഞ്ചായത്ത് രാജ് ആക്ട് സെ.233-4 (6), ഭേദഗതി, തീയതി 20.10.2017)

? ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച റോഡുപണി നടത്താൻ കഴിയുമോ?

● പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡുകൾ നടപ്പാതകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടത്താവുന്നതാണ്.(പാര 6.6. ജെ. മാർഗ്ഗരേഖ സ.ഉ. (കൈ)11/2018 തസ്വഭവ.29.2.2018)

? ഭിന്നശേഷിയുള്ളവർക്കുള്ള ഉപകരണം നൽകുന്ന പദ്ധതിയിൽ ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത് ആരാണ്?

● ഭിന്നശേഷിയുള്ളവർക്കുള്ള ഉപകരണം നൽകുന്ന പദ്ധതിയിൽ ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ട ചുമതല സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരാണ്.

? പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി ഒരു വീട്ടിൽ എത്ര കുട്ടികൾക്കു നൽകാം? എത്ര തുകവരെ നൽകാം?

● പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പഠനസൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകളോടു ചേർന്നു 100 ചതുരശ്ര അടിയിൽ കവിയാത്ത ഒരു മുറി നിർമ്മിക്കുന്നതിനു രണ്ടു ലക്ഷം രൂപ വരെ ധനസഹായം നൽകാം. ഒരു വീട്ടിൽ എത്ര കുട്ടികളുണ്ടെങ്കിലും ഒരു മുറിക്കു മാത്രമേ ധനസഹായം അനുവദിക്കുവാൻ കഴിയൂ. ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത്. ഇതിൽ 50,000/- രൂപ മുൻകൂറായി അനുവദിക്കാവുന്നതുമാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസവകുപ്പും ഉന്നത വിദ്യാഭ്യാസവകുപ്പും അംഗീകരിച്ചിട്ടുള്ള കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സഹായം നൽകേണ്ടത്. (പാര.7.2.17 (മാർഗ്ഗരേഖ സ.ഉ. (കൈ) 22/2018 തസ്വഭവ.14.2.18)

ശ്രീകൃഷ്ണപുരം മികച്ച ഗ്രാമപഞ്ചായത്ത്; ളാലം മികച്ച ബ്ലോക്ക് പഞ്ചായത്ത്; ജില്ലാപഞ്ചായത്തിൽ മികവ് പത്തനംതിട്ടയ്ക്ക്

മികച്ച പ്രവർത്തനത്തിനുള്ള 2016-2017 ലെ സ്വരാജ് ട്രോഫി നേടിയ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളെ പ്രഖ്യാപിച്ചു. തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി. ജലീലാണ് അവാർഡ് പ്രഖ്യാപിച്ചത്. ഗ്രാമപഞ്ചായത്തിൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഒന്നാംസ്ഥാനം നേടി. എറണാകുളം മുളംന്തുരുത്തി ഗ്രാമ പഞ്ചായത്ത് രണ്ടാംസ്ഥാനവും കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് മൂന്നാംസ്ഥാനവും കരസ്ഥമാക്കി.

ഒന്നാംസ്ഥാനം നേടിയ ഗ്രാമപഞ്ചായത്തിനു 25 ലക്ഷവും പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും രണ്ടാംസ്ഥാനം നേടിയ ഗ്രാമപഞ്ചായത്തിനു 20 ലക്ഷവും മൂന്നാംസ്ഥാനക്കാർക്കു 15 ലക്ഷവും ലഭിക്കും. ജില്ലാതലത്തിൽ രണ്ടുവീതം ഗ്രാമപഞ്ചായത്തുകൾക്കു പ്രത്യേക പുരസ്കാരം നൽകുന്നതാണ്.

മികച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നാംസ്ഥാനം കോട്ടയം ജില്ലയിലെ ളാലം ബ്ലോക്കിനാണ്.എറണാകുളം പള്ളുരുത്തി ബ്ലോക്കിനു രണ്ടാംസ്ഥാനവും പത്തനംതിട്ട പുളിക്കീഴ് ബ്ലോക്കിനു മൂന്നാംസ്ഥാനവും ലഭിച്ചു. ഇവർക്കു യഥാക്രമം 25 ലക്ഷം, 20 ലക്ഷം,15 ലക്ഷം വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

മികച്ച ജില്ലാപഞ്ചായത്ത് പത്തനംതിട്ടയാണ്. എറണാകുളം ജില്ലാപഞ്ചായത്തിനാണ് രണ്ടാംസ്ഥാനം. തൊഴിലുറപ്പുപദ്ധതി നിർവഹണത്തിൽ മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മപുരസ്കാരത്തിനു സംസ്ഥാനതലത്തിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒന്നാംസ്ഥാനവും അഗളി ഗ്രാമപഞ്ചായത്ത് രണ്ടാംസ്ഥാനവും മീനങ്ങാടി ഗ്രാമപഞ്ചായത്ത് മൂന്നാംസ്ഥാനവും നേടി. ജില്ലാതലത്തിൽ രണ്ടുവീതം ഗ്രാമപഞ്ചായത്തുകൾക്കു പ്രത്യേക പുരസ്കാരം നൽകും. തൃശ്ശൂർ ജില്ലയിലെ എറിയാട്, ആലപ്പുഴയിലെ ബുധനൂർ, കൊല്ലത്തെ ശാസ്താംകോട്ട, വെസ്റ്റ് കല്ലട, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തുകളും പ്രത്യേക പുരസ്കാരത്തിനു അർഹമായിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയാണ് അവാർഡ് നിർണയം നടത്തിയത്. ഫെബ്രുവരി 19 നു പെരിന്തൽമണ്ണയിൽ നടന്ന സംസ്ഥാന പഞ്ചായത്ത് ദിനാഘോഷപരിപാടിയുടെ സമാപനസമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്തു.

സ്വരാജ് ട്രോഫിക്ക് അർഹരായ ഗ്രാമപഞ്ചായത്തുകൾ

ജില്ലാതലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിനു സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിക്കർഹരായ ഗ്രാമപഞ്ചായത്തുകൾ :

തിരുവനന്തപുരം : വക്കം
കൊല്ലം : കുന്നത്തൂർ
പത്തനംതിട്ട : തുമ്പമൺ
ആലപ്പുഴ : വീയപുരം, കുമാരപുരം
കോട്ടയം : തിക്കോയി
എറണാകുളം : മുളംന്തുരുത്തി, മണീട്
തൃശ്ശൂർ : വള്ളത്തോൾ നഗർ
പാലക്കാട് : ശ്രീകൃഷ്ണപുരം, പുതുക്കോട്
മലപ്പുറം : പുലാമന്തോൾ, കോഡൂർ,
കോഴിക്കോട് : നാദാപുരം
വയനാട് : കണിയാമ്പറ്റ
കണ്ണൂർ : പാപ്പിനിശ്ശേരി, ചെമ്പിലോട്
കാസർകോട് : ചെറുവത്തൂർ

ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി നിർവഹണത്തിൽ മികവുപുലർത്തിയ ഗ്രാമപഞ്ചായത്തുകൾ.

തിരുവനന്തപുരം : കിഴുവിലം, മുദാക്കൽ
കൊല്ലം : നെടുവത്തൂർ, കുമ്മിൾ
പത്തനംതിട്ട : കുറ്റൂർ, കോഴഞ്ചേരി
ആലപ്പുഴ : കോടംതുരുത്ത്, വെൺമണി.
കോട്ടയം : മുണ്ടക്കയം, മേലുകാവ്
ഇടുക്കി : ഇടമലക്കുടി. വട്ടവട
എറണാകുളം : എളങ്കുന്നപ്പുഴ, നായരമ്പലം
തൃശ്ശൂർ : നാട്ടിക, അടാട്ട്
പാലക്കാട് : അഗളി, പുത്തൂർ
മലപ്പുറം : ആതവനാട്, നിറമരുതൂർ
കോഴിക്കോട് : മാവൂർ, മടവൂർ
വയനാട് : മീനങ്ങാടി, നൂൽപ്പുഴ
കണ്ണൂർ : കതിരൂർ, കോളയാട്
കാസർകോട് : മടിക്കൈ, പടന്ന.

പ്രാദേശികഭരണത്തെക്കുറിച്ച് പഠനഗവേഷണം

പ്രാദേശികഭരണത്തെക്കുറിച്ചു പഠനഗവേഷണം നടത്താൻ എറണാകുളം മഹാരാജസ് കോളേജിലെ വിദ്യാർത്ഥികൾ കിലയിൽ. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പഠനഗവേഷണത്തിനു ബി.എ.ഇക്കണോമിക്സിനു പഠിക്കുന്ന 21 വിദ്യാർത്ഥികളാണ് എത്തിയത്. വികേന്ദ്രീകൃതാസൂത്രണം എന്ത്, അതെങ്ങനെ ദേശീയ പ്ലാനിംഗുമായി ബന്ധപ്പെട്ടിരിക്കുന്നു, അതിന്റെ പ്രത്യേകതകൾ, സാദ്ധ്യതകൾ എന്നിവയാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. ബജറ്റും ധനാഗമമാർഗ്ഗവും, വനിതാഘടകപദ്ധതി, ഉദ്പ്പാദന-പശ്ചാത്തലവികസന മേഖലയിലെ മുൻഗണന, സ്ത്രീശാക്തീകരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് കോലഴി, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പഠനം നടത്തി അവർ റിപ്പോർട്ട് തയ്യാറാക്കും.പ്രാദേശികഭരണ സംവിധാനത്തെക്കുറിച്ച് പഠന ഗവേഷണത്തിനു ആദ്യമായിട്ടാണ് വിദ്യാർത്ഥികൾ കിലയിലെത്തുന്നത്.

ബജറ്റ്: കോർപ്പറേഷൻ–നഗരസഭ അദ്ധ്യക്ഷന്മാർക്കു പരിശീലനം

സംസ്ഥാനത്തെ നഗരപാലിക സ്ഥാപനങ്ങളിൽ ബജററ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, അക്കൗണ്ടന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർക്കായി കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. രണ്ടു ബാച്ചുകളായി നടന്ന ശില്പശാലയിൽ ഏഴുവീതം ജില്ലകളിൽനിന്നുള്ളവരാണ് പങ്കെടുത്തത്. ബജറ്റ് പ്രക്രിയ, ബജറ്റ് തയ്യാറാക്കാൻ കിലരൂപകല്പന ചെയ്ത ടൂൾ എന്നിവയെക്കുറിച്ചാണ് ശില്പശാല ചർച്ചചെയ്തത്. പ്ലാനും ബജറ്റും തമ്മിലുള്ള ഏകോപനം സാധ്യമാക്കുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് പ്രൊഫ.ഡോ.ജെ. ബി.രാജൻ സ്വാഗതമാശംസിച്ചു.

നഗരശുചിത്വ പദ്ധതി തയ്യാറാക്കുന്നുതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ ശില്പശാല ജി.ഐ.ഇസെഡിന്റെ (ജിസ്) പ്രതിനിധി സെബാസ്റ്റ്യൻ മാർക്കാർട്ട് ഉദ്ഘാടനം ചെയ്യുന്നു

നഗരശുചിത്വപദ്ധതി: കിലയിൽ ദ്വിദിന ശില്പശാല

നഗരശുചിത്വ പദ്ധതി(സി.എസ്.പി) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ ശില്പശാല ജി.ഐ.ഇസെഡിന്റെ (ജിസ്) പ്രതിനിധി സെബാസ്റ്റ്യൻ മാർക്കാർട്ട് ഉദ്ഘാടനം ചെയ്തു. ശുചിത്വ പദ്ധതിക്കുള്ള സാങ്കേതിക സഹായം നൽകുന്നത് ജിസാണ്. കില പ്രൊഫ.ഡോ.സണ്ണി ജോർജ് സ്വാഗതമാശംസിച്ചു. ശുചിത്വമിഷനിലെ ഷാജി ക്ലമന്റ് ശില്പശാലയുടെ ലക്ഷ്യങ്ങൾ വിശദീകരിച്ചു. ഡോ.ഇസാക്കിരാജ് (ജിസ്) ആമുഖാവതരണം നടത്തി. നഗരശുചിത്വം എന്ത്, എന്തിന്, നഗരശുചിത്വ ടാസ്ക് ഫോഴ്സ് രൂപീകരണം, വിവരശേഖരണം, അതിന്റെ വിലയിരുത്തൽ, കർമ്മപരിപാടി എന്നീ വിഷയങ്ങളെക്കുറിച്ചു വിദ്ഗ്ദ്ധർ ക്ലാസ്സെടുത്തു. നഗരശുചിത്വ പദ്ധതിയിൽ ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ അനുഭവങ്ങൾ പങ്കുവച്ചു.

കിലയും ശുചിത്വമിഷനും ജിസും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്. വികസനം, ഊർജം, പ്രകൃതിവിഭവം, നഗരവികസനം, സാമ്പത്തിക വികസനം എന്നീ മേഖലകളിൽ നൂറിൽ പരം രാഷ്ട്രങ്ങൾക്കു സാങ്കേതിക സഹായം നൽകുന്ന സ്ഥാപനാണ് ജിസ്. ഈ ശില്പശാലയ്ക്കുവേണ്ടിയുള്ള ഫാക്കൽറ്റികളെ നൽകുന്നതും അവർതന്നെ. കേരളത്തിലെ സ്മാർട്ട് സിറ്റിയിലെ ശുചിത്വം, ഭവനനിർമ്മാണം, ഗതാഗതം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ മേഖലകളിൽ സാങ്കേതിക സഹായം നൽകുന്നതും ജിസ്സാണ്.

കിലയിലെ 13 റിസർച്ച് അസോസിയേറ്റുകൾ, പതിന്നാലു ജില്ലകളിലെ ശുചിത്വമിഷന്റെ സാങ്കേതിക വിദഗ്ദ്ധർ, 25 നഗരസഭകളിൽനിന്നുള്ള നോഡൽ ഓഫീസർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസി.ഡയറക്ടർമാർക്കും കിലയിൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

പഞ്ചായത്തുവകുപ്പിൽ സ്ഥാനക്കയറ്റം ലഭിച്ച ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ, അസി.ഡയറക്ടർമാർ എന്നിവർക്കു ഒരാഴ്ച്ചത്തെ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം കിലയിൽ നടന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. ഡോ.എസ്.കെ.ബിജു പ്രോഗ്രാം വിശദീകരിച്ചു. മാനേജ്മെന്റ് മികവും മൃദുവൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുകയാണ് പ്രോഗ്രാമിന്റെ ലക്ഷ്യം.

ഡോ.സാബു വർഗീസ്, ടി.ഗംഗാധരൻ, ഡോ.വിനോദ്, ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, സി.രാധാകൃഷ്ണൻ, ഡി.സാങ്കി, ഡോ.പി.അഹമ്മദ്, തുടങ്ങിയ പ്രമുഖർ നേതൃത്വം നൽകി. നേതൃത്വശൈലികൾ, ടീം ബിൽഡിംഗ്, ആശയവിനിമയം, മേൽനോട്ടം, ചർച്ച നയിക്കൽ, ലക്ഷ്യാധിഷ്ഠിത ആസൂത്രണം, മോണിറ്ററിംഗ്, ഉപാധികൾ, തുടങ്ങിയ വിഷയങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജോയിന്റ് ഡയറക്ടർ ജോസ്നമോൾ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**